**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 227　　11.06.2012 -ൽ മറുപടിയ്ക്ക്**

**<u>പോലീസ് കസ്റ്റഡിയിലുള്ളവരുടെ മൊഴികളുടെ റിപ്പോർട്ടിംഗ്</u>**

<u>ചോദ്യം</u>

ശ്രീ പി. ശ്രീരാമകൃഷ്ണൻ :

എ) പോലീസ് കസ്റ്റഡിയിലെടുക്കുന്നവരുടെ മൊഴികൾ മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) ഒഞ്ചിയത്തെ റ്റി. പി. ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് കസ്റ്റഡിയിലെടുത്തവരുടെ മൊഴികൾ മാധ്യമങ്ങൾക്ക് കൊടുത്തിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെ മൊഴികളാണ് കൊടുത്തിട്ടുള്ളത് ; ഇവ അന്വേഷണത്തെ ബാധിക്കുമോയെന്ന് വ്യക്തമാക്കാമോ ;

സി) ഇത്തരം വാർത്തകൾ മാധ്യമ സൃഷ്ടിയാണോ യെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ മാധ്യമങ്ങൾക്കെതിരെ നടപടിയെടുക്കുമോ ; ഇതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ?

<u>മറുപടി</u>

ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

(എ) & (ബി)
പ്രത്യേക അന്വേഷണ സംഘം ആരുടെ മൊഴിയും മാധ്യമങ്ങൾക്ക് നൽകിയിട്ടില്ല.

സി) ചന്ദ്രശേഖരൻ വധവുമായി ബന്ധപ്പെട്ട് നിരവധി വാർത്തകളും പ്രസ്താവനകളും പത്ര - ദൃശ്യ മാധ്യമങ്ങളിൽ വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കേസന്വേഷണം നടത്തുന്ന പ്രത്യേക അന്വേഷണ സംഘം ഇത്തരത്തിലുള്ള പ്രസ്താവനകളും വാർത്തകളും അടിസ്ഥാനമാക്കിയല്ല കേസന്വേഷണം നടത്തുന്നത്. തെളിവുകളുടെയും മൊഴികളുടെയും അടിസ്ഥാനത്തിലാണ് കേസന്വേഷണം നടത്തി വരുന്നത്.

സെക്ഷൻ ഓഫീസർ